പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 699

29/10/2019 - ൽ മറുപടിക്ക്

## കെയർ ഹോം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ..തോമസ് ചാണ്ടി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സർക്കാർ കെയർ ഹോം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | കുട്ടനാട്ടിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | ബി) | ഉണ്ട്. 75 വീടുകളാണ് കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ നിർമ്മിക്കുന്നത്. ഇതിൽ 47 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 14 വീടുകളുടെ മേൽക്കൂര വരെയുള്ള നിർമ്മാണം പൂർത്തീകരിച്ചും, 8 വീടുകൾ ലിന്റൽ ലെവൽ വരെ നിർമ്മാണം പൂർത്തീകരിച്ചും, 3 വീടുകളുടെ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തീകരിച്ചും പണി തുടർന്ന് വരുന്നു. ശേഷിക്കുന്ന 3 വീടുകളുടെ ഫൗണ്ടേഷൻ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.<br><br>പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന 75 വീടുകൾക്കും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും വീടൊന്നിന് 95,100/- രൂപ വീതവും കെയർഹോം പദ്ധതിക്കായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ച തുകയിൽ നിന്നും വീടൊന്നിന് 4,00,000/- രൂപാ വീതവും അനുവദിച്ചതിന് പുറമേ കുട്ടനാട്ടിലെ ഭൂപ്രകൃതിയും മണ്ണിന്റെ ഘടനയും പരിഗണിച്ച് വീടുകളുടെ അടിത്തറ കൂടുതൽ ബലപ്പെടുത്തി നിർമ്മിക്കുന്നതിന് 69 വീടുകൾക്ക് അധിക ധനസഹായമായി 33,18,182/- രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ